Page 1 of 1

ഉത്തരം

(എ) ബഡ്ജറ്റ് വർക്കിൽ 3760 ലക്ഷം രൂപയും നോൺപ്ലാൻ വർക്കിൽ 300 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

(ബി-ഡി) അനുബന്ധമായി ചേർക്കുന്നു.*

## വെള്ളപ്പാറ-വെറ്റിലപ്പാറ പാലം ലിങ്ക് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി

239 (4575) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറയിൽനിന്നും വെറ്റിലപ്പാറപാലത്തിലേക്കുള്ള ലിങ്ക് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനായി റോഡ് വനംവകുപ്പിൽനിന്നും പി.ഡബ്ല്യു.ഡി.-ക്ക് വിട്ടുകിട്ടുന്നതിനായി യൂസർ ഏജൻസി എന്ന നിലയിൽ 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് സെക്ഷൻ (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ മൂക്കന്നൂരിൽനിന്നും അതിരപ്പിള്ളിയിലേക്കുള്ള എളുപ്പവഴിയായ വെള്ളപ്പാറ റോഡ് വനം വകുപ്പിൽനിന്നും പിഡബ്ല്യു.ഡി.-ക്ക് വിട്ടുകിട്ടുന്നതിനായി യൂസർ ഏജൻസി എന്ന നിലയിൽ അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്രാനുമതി ലഭിക്കുന്നതിലേക്കായി നിർദ്ദിഷ്ട പ്രൊഫോർമയിൽ പുതിയ അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് വനം വകുപ്പ് ടി അപേക്ഷ 26-12-2008-ൽ തിരിച്ചുനൽകുകയുണ്ടായി. തുടർന്ന് പുനരപേക്ഷ സമർപ്പണത്തിന്റെ ഭാഗമായി വനം വകുപ്പിനോട് സംയുക്ത പരിശോധന നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് അപേക്ഷ നൽകുകയും 20-12-2011-ന് നടത്തിയ സംയുക്ത പരിശോധനയിൽ ടി ഭൂമിയിലൂടെ റോഡ് നിർമ്മിക്കുന്നത് വന സംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് വനം വകുപ്പ് റിപ്പോർട്ട് ചെയ്തതിനാൽ മേൽവിഷയത്തിൽ ഇതിനുശേഷം തുടർ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

## കല്പറ്റ മണ്ഡലത്തിൽ കഴിഞ്ഞവർഷം ഭരണാനുമതി ലഭിച്ച റോഡുകൾ

240 (4576) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്പറ്റ മണ്ഡലത്തിൽ കഴിഞ്ഞവർഷം ഭരണാനുമതി ലഭിച്ച റോഡുകൾ ഏതെല്ലാമെന്നും അവയുടെ ബഡ്ജറ്റ് വിഹിതം എത്രയെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly